[മടവൂർ സംഘടനയിലെ കുറച്ച് പണ്ഡിതന്മാരും ചില പ്രസംഗകന്മാരും തീർത്ത ജിന്ന് സിഹ്റ് തടവറയിൽ നിന്നും രക്ഷപ്പെട്ട ജ. മുജീബ് റഹ്മാൻ സ്വലാഹിയുടെ അനുഭവക്കുറിപ്പാണ് താഴെ. വസ്തുതകൾ ബോധ്യപ്പെടാൻ ഉപകരിക്കുമെന്ന പ്രത്യാശയോടെ. ]

# സിഹ്റ്: മടവൂർ വിഭാഗത്തിന്റെ കപടത ബോധ്യപ്പെട്ടു

മുജീബ് റഹ്മാൻ സ്വലാഹി

മടവൂർ വിഭാഗത്തിൻെറ പ്രചാരണത്തിൽ കുടുങ്ങി കെ. എൻ. എമ്മിനെ തെറ്റുധരിച്ച ഒരു വ്യക്തിയായിരുന്നു ഞാൻ. അവരോടൊപ്പം പ്രവർത്തിച്ചുവരുന്നതിനിടയിലാണ് 2006 ഫെബ്രുവരിയിൽ രാമനാട്ടുകര കടവ് റിസോട്ടിൽ നടന്ന അറബി സാഹിത്യ ശിൽപശാലയിലും സെമിനാറിലും പങ്കെടുക്കാനിടയായത്. അത് എന്നെ മാറ്റി ചിന്തിപ്പിക്കുവാനും കെ. എൻ. എം പക്ഷത്തെക്കുറിച്ച് ഇവർ പ്രചരിപ്പിക്കുന്നതിൽ തെറ്റും കാപട്യവുമുണ്ടെന്ന് മനസ്സിലാക്കാനും പ്രേരിപ്പിച്ചു.

2006 ഫെബ്രുവരിയിൽ ശൈഖ് മുഹമ്മദ് മർസൂഖ് അൽ ഹാരിസിയുടെ നേതൃത്വത്തിൽ സഊദിയിലെ ഏതാനും പണ്ഡിതരാണ് ക്യാമ്പ് നിയന്ത്രിച്ചത്. മടവൂർ വിഭാഗത്തിൻെറ പണ്ഡിത സംഘടനയുടെ നേതാക്കളെല്ലാം പ്രസീഡിയത്തിലുണ്ടായിരുന്നു. ഒരാഴ്ചയോളം നടന്ന ഈ പരിപാടിയിൽ ഞാൻ ആദ്യന്തം പങ്കെടുത്തു.

സിഹ്റ് ബാധയും മറ്റും ചർച്ച ചെയ്യുക വഴി മുജാഹിദുകളെ നവ യാഥാസ്ഥികർ എന്ന് ആക്ഷേപമഴിച്ചുവിടുന്നതിൻെറ പശ്ചാത്തലത്തിൽ അതിനെ കുറിച്ചുള്ള ചോദ്യങ്ങൾ അന്ന് പങ്കെടുത്ത ശൈഖുമാരോട് ഞങ്ങൾ ചോദിച്ചു. അവർ ഖുർആനിൻെറയും സുന്നിൻെറയും വെളിച്ചത്തിൽ ആ കാര്യങ്ങൾ ഞങ്ങൾക്ക് വിശദീകരിച്ചു തന്നു. മടവൂർ വിഭാഗത്തിലെ പണ്ഡിതൻമാർ പ്രചരിപ്പിക്കുന്നതിന് വിരുദ്ധമായിരുന്നു ആ വിശദീകരണങ്ങൾ. അവരുടെ വിശദീകരണത്തിനനുസരിച്ച് ക്യാമ്പംഗങ്ങൾ ധാരാളം ചോദ്യങ്ങൾ അനുബന്ധമായി ഉന്നയിച്ചുകൊണ്ടിരുന്നു. അപ്പോൾ ക്യാമ്പംഗങ്ങൾ അഹ്ലുസ്സുന്നത്തിവൽജമാഅത്തിൻെറ വിശ്വാസത്തിന്നെതിരാണെന്നും മുഅ്തസിലി ചിന്തകൾ അവരെ സ്വാധീനിച്ചിട്ടുണ്ടെന്നും അറബി ശൈഖുമാർക്ക് സംശയം തോന്നി. ശൈഖുമാരുടെ ധാരണ തിരുത്താൻ സംഘാടകരിലെ ഒരു പ്രമുഖൻ ക്യാമ്പംഗങ്ങളോടാവശ്യപ്പെട്ടു. അതനുസരിച്ച് നാട്ടിലെ ഖുറാഫികളുടെ ചോദ്യങ്ങൾക്ക് മറുപടി കിട്ടാൻ വേണ്ടി മാത്രമാണ് അത്തരം ചോദ്യങ്ങൾ ഉന്നയിച്ചതെന്ന് ശൈഖുമാരെ ധരിപ്പിച്ചു. പക്ഷേ അതൊരു കബളിപ്പിക്കലായിരുന്നുവെന്ന് എനിക്ക് ബോധ്യപ്പെട്ടു. കാരണം ശൈഖുമാർ പറഞ്ഞതിന്നെതിരാണ് സംഘാടകൻ വീണ്ടും ഞങ്ങളോട് പറഞ്ഞത്. ശൈഖുമാർ പറഞ്ഞ ഹദീസുകളൊക്കെ സ്വഹീഹാണെങ്കിലും നമ്മുടെ നാട്ടിൽ പറയാൻ പറ്റില്ലെന്നായിരുന്നു വിശദീകരണം. സ്വഹീഹായ ഹദീസുകൾ ജനങ്ങളോട് തുറന്ന് പറയാൻ വൈമനസ്യം കാണിക്കുന്ന ഒരു വിഭാഗത്തോടു സഹകരിച്ചുപോകാൻ, ക്വുർആനും സുന്നത്തുമാണ് പ്രമാണമെന്നു മനസ്സിലാക്കി ഖുറാഫി വിശ്വാസം വെടിഞ്ഞ് ഈ പ്രസ്ഥാനത്തിലേക്ക് കടന്ന് വന്ന എനിക്കൊരിക്കലും സാധിക്കുമായിരുന്നില്ല. അതാണ് അവരിൽ നിന്നും വിട്ടു നിൽക്കാനുണ്ടായ പ്രധാന കാരണം. സ്വഹീഹായ പല ഹദീസുകളെ നിഷേധിച്ചുകൊണ്ടും പരിഹസിച്ചുകൊണ്ടും അവരുടെ

പണ്ഡിതർ പുറത്തിറക്കിയ ചില പുസ്തകങ്ങളും നോട്ടീസുകളും ശ്രദ്ധയിൽ പെട്ടെങ്കിലും അത് ഒറ്റപ്പെട്ട ചില വ്യതിയാനങ്ങളാണെന്നായിരുന്നു കരുതിയത്. ആ ധാരണ തിരുത്താൻ ഈ ക്യാമ്പ് എനിക്ക് പ്രേരകമായി.

ഇന്നും പരക്കെ സിഹ്റ് ജിന്നുബാധ തുടങ്ങിയ വിഷയവുമായി ബന്ധപ്പെട്ട് ക്വുർആനിലും സ്വഹീഹായ ഹദീസുകളിലും വന്ന കാര്യങ്ങൾ തന്നെ ഈ വിഭാഗത്തിൻെറ പണ്ഡിതൻമാരും പ്രസംഗകരും പരസ്യമായി നിഷേധിക്കുന്നുണ്ട്. ഇതിനായി പലേടത്തും ഈ വിഷയത്തിൽ അവർ പൊതുപ്രഭാഷണങ്ങളും ഖണ്ഡന പ്രസംഗങ്ങളും മുഖാമുഖങ്ങളും വരെ നടത്തുകയുണ്ടായി. എന്നാൽ അതും ശരി ഇതും ശരി എന്ന നിലപാടാണ് മറ്റു പല വിഷയങ്ങളിലെന്ന പോലെ ഈ വിഷയത്തിലും സ്വീകരിച്ചതെന്ന് കാണാൻ സാധിക്കും. 2005 ജനുവരി 21 ലക്കം ശബാബിൽപോലും സിഹ്റ് ഫലിക്കുമെന്നും നബി(സ്വ)ക്ക് സിഹ്റ് ബാധിച്ചുവെന്ന ഹദീഥ് കുറ്റമറ്റതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പക്ഷേ, ഇതിന് വിരുദ്ധമായാണ് പലരും നിലകൊള്ളുന്നത്.

എന്നാൽ അവരുടെ പണ്ഡിത സഭയിലെ ഒരു പ്രമുഖ നേതാവിനോട് ഇശാമഗ്‌രിബിനിടയിൽ കുട്ടികളെ പുറത്തുപോകുന്നത് തടയാൻ കൽപിക്കുന്നത് പിശാചുക്കളുടെ വിളയാട്ടം നടക്കുമെന്നതിനാലാണന്ന ഹദീഥിനെക്കുറിച്ച് ചോദിച്ചപ്പോൾ അതിനെ ഗൗരവത്തിലെടുക്കാതെ, അതു കുട്ടികൾ വായിക്കുന്ന സമയമാണല്ലോ എന്നു പറഞ്ഞ് അവഗണിക്കുകയാണ് ഉണ്ടായതെന്നും ഞാനോർക്കുന്നു.

ഇതിനിടയിലാണ് അവരുടെ പ്രഥമ പുരുഷൻ തന്നെ ക്ഷേത്രത്തിലെ മുട്ടറുക്കലുൽസവത്തിന് തേങ്ങ സംഭാവന ചെയ്ത വിശേഷം കൂടി അറിയാൻ കഴിഞ്ഞത്. മൈത്രിയിൽ വർത്തിക്കാൻ ഇസ്‌ലാമിൻെറ വ്യക്തമായ കാഴ്ചപ്പാടുള്ളതോടൊപ്പം തന്നെ ആദർശ രംഗത്തെ വ്യക്തിത്വം കാത്തു സൂക്ഷിക്കാൻ ഒരു സാധാരണ വിശ്വാസി പോലും ബാധ്യസ്ഥനാണല്ലോ.

വിദേശത്ത് 'ദാഇ' യായി ജോലി ചെയ്തിരുന്ന ഈ വിഭാഗത്തിലെ ഒരു പണ്ഡിതൻ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ വെച്ച് ഒരിക്കൽ കർമശാസ്ത്ര നിലപാടുകളെക്കുറിച്ച് പറഞ്ഞ വീക്ഷണം ഇപ്പോഴും മനസ്സിൽ മായാതെ നിൽക്കുന്നു. അദ്ദേഹം പറഞ്ഞത് കർമശാസ്ത്ര കാര്യങ്ങളിൽ മുജാഹിദ് പ്രസ്ഥാനം ജമാഅത്ത് നിലാപടാണ് സ്വീകരിക്കേണ്ടതെന്നാണ്.

ഒരിക്കൽ ശബാബിൽ തന്നെ പത്രപ്രവർത്തനം ഇസ്‌ലാമീകരിക്കേണ്ടതിനെക്കുറിച്ച് അശ്ളീല ആഭാസങ്ങളും ഏഷണി പരദൂഷണ വാർത്തകളും ഒഴിവാക്കേണ്ടതിനെ സംബന്ധിച്ച് വ്യക്തമാക്കിയതാണ്. എന്നാൽ വർത്തമാനം പത്രം ഇതൊന്നും പാലിക്കുന്നില്ലെന്നു മാത്രമല്ല, ആൾ ദൈവങ്ങളെ പ്രസംശിക്കുന്ന പരസ്യങ്ങൾപോലും നൽകാൻ മടികാണിക്കാത്ത അവസ്ഥയിലേക്കെത്തിയതും എന്നെ മാനസികമായി വളരെയേറെ വിഷമിപ്പിച്ച സംഗതിയാണ്.

നീല പുസ്തകം സംബന്ധിച്ച് ഷോക്കോസ് നോട്ടീസിൽ ഞങ്ങളൊന്നുമറിയില്ലെന്ന മട്ടിൽ പ്രതികരിച്ചവർ. കോട്ടക്കൽ സമ്മേളന സുവനീറിൽ തങ്ങൾ തന്നെയാണ് അത് പുറത്തിറക്കിയതെന്ന് വ്യക്തമാക്കിയത് കണ്ടപ്പോൾ ഞാനത്ഭുതപ്പെട്ടു. അവരുടെ നിഗൂഢതകൾ അപ്പോഴെനിക്ക് ബോധ്യമാവുകയും ചെയ്തു.

ആദ്യകാലത്ത് ഈ വിഭാഗത്തിൻെറ കൂടെ നിൽക്കാൻ കാരണം കെ. എൻ. എമ്മുകാർ നവ യാഥാസ്ഥികരാണെന്നും മറ്റുമുള്ള പ്രചാരണ വലയത്തിൽ പെട്ടു പോയത് കൊണ്ടാണ്. സിഹ്റ് പോലുള്ള വിഷയങ്ങളിൽ അന്നത്തെ അവരുടെ നിലപാടിൽ അവർ ഉറച്ചു നിൽക്കുന്നില്ലെന്നു ബോധ്യമായതും ഇപ്പോൾ ഏതെങ്കിലും ഒരു നിലപാട് അവർക്ക് വ്യക്തമാക്കാൻ സാധിക്കുന്നില്ലെന്നും മനസ്സിലാക്കിയതും ക്വുർആനിൻെറയും സുന്നത്തിൻെറയും ശരിയായ വീക്ഷണം കണ്ടെത്താൻ പ്രേരണയുണ്ടായതും കടവ് നിസോർട്ടിൽ നടന്ന സെമിനാറിലെ അവരുടെ കപടത ബോധ്യപ്പെട്ടപ്പോഴാണ്. 40-ാം വാർഷിക പ്രഖ്യാപനം എന്ന പേരിൽ നടത്തിയ പ്രസ്താവനകൾ ജനങ്ങളെ വിഡ്ഢികളാക്കുന്ന രീതിയിലാണ് അനുഭവപ്പെട്ടത്.

മാന്യമായി പ്രബോധനം നടത്താനാവശ്യപ്പെട്ടതുകൊണ്ടാണ് തങ്ങളെ പിരിച്ചുവിട്ടതെന്നു പറഞ്ഞ് അണികൾക്കിടയിൽ സഹതാപം നേടാൻ ശ്രമിച്ചവർ സ്പാനിഷ് കാളകളെന്നും മറ്റുമുപയോഗിച്ച് തരംതാണ ശൈലി സ്വീകരിച്ചുവരുന്നതും വൈരുധ്യമാണെന്നും കാപട്യമാണെന്നും എനിക്ക് ബോധ്യപ്പെട്ടു.

അവരുടെ ജംഇയ്യത്തിലെ ഹദീഥ് പണ്ഡിതനായി അവർ കൊണ്ടു നടക്കുന്ന ഒരാളെ അതേ ജംഇയ്യത്തിൻെറ ഏറ്റവും പ്രമുഖനായ നേതാവ് തന്നെ അയാൾ ചില വിഷയങ്ങളിൽ അതിരു കവിഞ്ഞവനാണെന്ന് പറയുന്നത് ഞാൻ നേരിൽ കേട്ടിട്ടുണ്ട്.

ഐക്യത്തിന് തൗഹീദിനേക്കാൾ പ്രാധാന്യമുണ്ടെന്ന് മൂസാ(അ)ൻെറയും, ഹാറൂൻ(അ)ൻെറയും സംഭവമുദ്ധരിച്ച് ജമാഅത്തുകാർ പറയുന്ന അതേ ദുർന്യായം തന്നെ അവരുടെ ജംഇയ്യത്തിലെ ഒരു പണ്ഡിതൻ ശബാബിൽ എഴുതിയത് വളരെ അടുത്ത ദിവസമാണ്. ഇതുവരെ അതു തിരുത്താൻപോലും അദ്ദേഹം തയ്യാറായിട്ടില്ല.

എടമുട്ടം സംവാദമടക്കമുള്ളവയെ പരിഹസിക്കുകയും ഖണ്ഡനമണ്ഡനങ്ങൾക്കെതിരെ നിലകൊള്ളുകയും ചെയ്ത ലേഖനങ്ങളും എന്നെ ചിന്തിക്കാൻ പ്രേരിപ്പിച്ചു. കാരണം ഖണ്ഡനമണ്ഡനങ്ങൾ കേട്ടതുകൊണ്ടാണ് ഞാൻ മുജാഹിദ് പ്രസ്ഥാനത്തിലേക്ക് കടന്നുവന്നതു തന്നെ.

(വിചിന്തനം വാരിക, 2006 ആഗസ്റ്റ് 11)

◆

بســـــــم الله الرحمن الرحيم

# شهادة حضور واجتياز الدورة الشرعية

## الحمد لله والصلاة والسلام على رسول الله وعلى آله وصحبه وبعد

يسر جمعية العلماء بكيرالا ومركز الدعوة الإسلامية بكيرالا - الهند، بالتعاون مع دار الجالية المليبارية الخيرية لتعليم القرآن والسنة بمحافظة جدة أن تمنح الأستاذ/ مجيب الرحمن بي.
هذه الشهادة لاجتيازه مواد الدورة الشرعية المعقودة للفترة من ١٤٢٧/١/١٥ هـ حتى ١٤٢٧/١/٢٣ هـ
ونوصيه بمواصلة الطريق في طلبه للعلم والحرص عليه سائلين المولى له التوفيق والسداد.

الشيخ محمد مرزوق الحارثي
المشرف العام على دار الجالية المليبارية الخيرية
لتعليم القرآن والسنة بمحافظة جدة

الشيخ سي.بي. عمر السّلمي
رئيس جمعية العلماء بكيرالا، الهند

Kerala Jam-iyyathul Ulama (Regd) R.M. Road, Calicut-2
MARKAZUDA'WA

دار الجالية المليبارية الخيرية لتعليم القرآن والسنة